കേരളത്തിനവകാശപ്പെട്ട കെട്ടിടങ്ങളിൽ 21 കെട്ടിടങ്ങൾ കൂടി ഉടനടി വിട്ടുതരുന്നതാണെന്നും തമിഴ്നാട് മുഖ്യമന്ത്രി കേരളത്തിന് ഉറപ്പ് നൽകിയിട്ടുണ്ട്. കൂടാതെ കേരള ഷോളയാറിലെ ജലനിരപ്പ് കരാർ വ്യവസ്ഥയനുസരിച്ച് നിശ്ചിത തീയതികളിൽ നിശ്ചിത ലെവലുകളിൽ നിലനിർത്താമെന്നും തമിഴ്നാട് 27-11-2004-ൽ നടന്ന മന്ത്രിതല ചർച്ചയിൽ കേരളത്തിന് ഉറപ്പ് നൽകി.

10-6-2002-ൽ ചെന്നൈയിൽ വച്ച് നടന്ന മന്ത്രിതല ചർച്ചയ്ക്ക് അന്നത്തെ ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. ടി. എം. ജേക്കബാണ് നേതൃത്വം നൽകിയത്. 13-2-2003-ൽ തിരുവനന്തപുരത്തും 10-11-2003-ൽ ചെന്നൈയിലും 4-1-2004-ൽ തിരുവനന്തപുരത്തും വച്ച് നടന്ന അന്തർ സംസ്ഥാന മന്ത്രിതല ചർച്ചയിൽ കേരളത്തിൽ നിന്നുള്ള സംഘത്തിന് നേതൃത്വം നൽകിയത് അന്നത്തെ കേരള ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. ടി. എം. ജേക്കബും, കേരള ധനകാര്യ വകുപ്പു മന്ത്രി ശ്രീ.ശങ്കരനാരായണനുമാണ്.

6-11-2004-ൽ ചെന്നൈയിൽ വച്ച് നടന്ന അന്തർ സംസ്ഥാന മുഖ്യമന്ത്രിതല ചർച്ചയിൽ കേരളത്തിൽ നിന്നുള്ള സംഘത്തിന് നേതൃത്വം നൽകിയത് കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും വ്യവസായ വകുപ്പ് മന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടിയുമാണ്. 27-11-2004-ൽ തിരുവനന്തപുരത്ത് വച്ച് നടന്ന ചർച്ചയ്ക്ക് നേതൃത്വം നൽകിയത് കേരള ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. വക്കം പുരുഷോത്തമനുമാണ്.

(സി) ഇല്ല

പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് കേരളത്തിന് ലഭിക്കേണ്ട വെള്ളം

97(1617) ശ്രീ. കെ. എ. ചന്ദ്രൻ:

„ കടവൂർ ശിവദാസൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് കേരളത്തിന് ലഭിക്കേണ്ട വെള്ളം മണക്കടവ് വിയറിൽ വച്ചാണോ അളന്നു തരേണ്ടത്;

(ബി) പ്രസ്തുത വിയർ കഴിഞ്ഞ് ജലമൊഴുകുന്ന ആറിന്റെ ഒരുവശത്ത് കേരളവും മറുവശത്ത് തമിഴ്നാടുമാണോ സ്ഥിതി ചെയ്യുന്നത്;

(സി) കേരളത്തിന് അളന്നുതരുന്ന വെള്ളം തമിഴ്നാട്ടിലുള്ളവർ വൻ കുതിരശക്തിയുള്ള യന്ത്രങ്ങളുപയോഗിച്ച് തമിഴ്നാട്ടിലേക്ക് പമ്പ് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര പമ്പുകൾ വച്ച് പമ്പ് ചെയ്യുന്നു.

(ഇ) ഇപ്രകാരം പമ്പ് ചെയ്യുന്ന വെള്ളം തമിഴ്നാട്ടിൽ എത്ര കുളങ്ങളിൽ സംഭരിക്കപ്പെടുന്നു;

(എഫ്) എങ്കിൽ ഇത് തടയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly